"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ്- സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് -2019-20 വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

വ്യവസായ(ഡി) വകുപ്പ്

സ.ഉ.(കൈ) നം.7/2022/വ്യവ. തീയതി,തിരുവനന്തപുരം, 15/01/2022

പരാമർശം:- 1. ജി.ഒ(പി) നം.67/2020/തൊഴിൽ തീയതി 14/08/2020.

2. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11.01.2021 -ലെ SIFL:HRD:03:06/20/29, 09.03.2021-ലെ SIFL:HRD:03:06/21, 30.04.2021-ലെ SIFL:HRD:03:06/21/306, 01.12.2021-ലെ SIFL:HRD:03:06/21/728 എന്നീ നമ്പർ കത്തുകൾ.

ഉത്തരവ്

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് കമ്പനിയിലെ ജീവനക്കാർക്ക് ബോണസും എക്സ്ഗ്രേഷ്യയും കൂടി 27000/- രൂപ 2018 -2019 വർഷം വിതരണം ചെയ്തിരുന്നു. അപ്രകാരം 2019-20 സാമ്പത്തിക വർഷവും എക്സ്ഗ്രേഷ്യ വിതരണം ചെയ്യണമെന്ന് ട്രേഡ് യൂണിയനുകളുടെ ആവശ്യം സംബന്ധിച്ച് വിവിധ തലങ്ങളിൽ നടന്ന ചർച്ചകളെത്തുടർന്നുണ്ടായ ഒത്തു തീർപ്പിന്റെ അടിസ്ഥാനത്തിൽ എക്സ്ഗ്രേഷ്യ ഇനത്തിൽ 27000/- രൂപ വീതം തൊഴിലാളികൾക്ക് അവരുടെ പ്രോ റേറ്റാ അറ്റൻൻസ് അടിസ്ഥാനത്തിൽ വിതരണം ചെയ്തതായും അപ്രകാരം തുക വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2)- ലെ കത്തുകൾ പ്രകാരം സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് സംബന്ധിച്ച പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ട് 2019-20 സാമ്പത്തിക വർഷത്തിൽ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ ഇനത്തിൽ 27000/- രൂപ വിതരണം ചെയ്ത സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്,
അത്താണി, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ് II), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (E-1767253/PU-D2/48/2021-Fin തീയതി 30/09/2021)

പൊതുഭരണ(എസ്.സി)വകുപ്പ്

തൊഴിൽ വകുപ്പ് (D1/142/2021/LBR തീയതി 22/07/2021)

വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ